## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ: ശ്രീമതി പ്രിയങ്ക.ജി IAS)

വിഷയം: വനിതാ ശിശുവികസന വകുപ്പ്- വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ.(സാധാ)നം. 524/2015/സാ.നീ.വ. തീയതി. 18.08.2015
2. ഈ കാര്യാലയത്തിലെ 12.08.2021 ലെ WEC2-13074/2021 നമ്പർ പരിപത്രം
3. തിരുവനന്തപുരം DWCDO യുടെ 20/06/2022 ലെ DWCDO/TVPM/F/1829/21 നം.കത്ത്.
4. കൊല്ലം DWCDO യുടെ 29/04/2022, 27/05/2022 തീയതികളിലെ DWCDO/D/1050/2021 നം. കത്തുകൾ

==========================================================================

ഉത്തരവ് നം. WEC-2/13074/21 തീയതി : 27.08.2022.

വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം 2021-22 വർഷം ധനസഹായം അനുവദിച്ച് നൽകുന്നതിലേയ്ക്കായി ജില്ലാ തലത്തിൽ അപേക്ഷ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം DWCDO മാരെ ചുമതലപ്പെടുത്തിയിരുന്നു.

2021-22 സാമ്പത്തിക വർഷം ശ്രീമതി ഹസ്ലാ ബീവി, ശ്രീമതി ശ്രീലത എന്നിവരുടെ ടി പദ്ധതി പ്രകാരമുള്ള അപേക്ഷകൾ ക്യൂ ബിൽ ആയതിനാൽ തുക മാറുവാൻ സാധിച്ചില്ലായെന്നും, ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ 17,500/- രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം(3) പ്രകാരം തിരുവനന്തപുരം ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

2021-22 വർഷം സി.ഡി.പി.ഒ മാർ ശുപാർശ ചെയ്യുകയും എന്നാൽ സാങ്കേതിക തടസ്സം മൂലം ജില്ലാ ഓഫീസർക്ക് യഥാസമയം ലഭ്യമാകാത്തതുമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ വനിതാ ശിശുവികസന ഓഫീസർ പരാമർശം (4) പ്രകാരം 158000/- രൂപയുടെ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ വനിതകൾ ഗൃഹസ്ഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി 1,75,500/-രൂപ (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചുവടെ വിവരിക്കും പ്രകാരം ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 17500 |
| 2 | കൊല്ലം | 27 | 158000 |
| | **ആകെ** | **29** | 175500 |
| (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) | | | |



Sk/

പ്രസ്തുത ഇനത്തിൽ ചെലവ് വരുന്ന 1,75,500/-രൂപ (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

പ്രസ്തുത തുക ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർ മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. അപേക്ഷകളും അനുബന്ധ രേഖകളും ഓഡിറ്റിനായി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്. പരാമർശം (1) സർക്കുലറിലെ മാനദണ്ഡ പ്രകാരം മാത്രമേ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. ധനസഹായം അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, ചെലവ് വിവരപ്പട്ടിക എന്നിവ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശുവികസന ഡയറക്ടർ

ജില്ലാ വനിതാ ശിശുവികസന ഓഫീസർ, തിരുവനന്തപുരം,കൊല്ലം

പകർപ്പ്

(1) സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)

(2) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്



Sk/